# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5525

28.07.2015-ൽ മറുപടിക്ക്

## തെരുവുനായ്ക്കളെ കൊല്ലുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി.സി.ജോർജ്ജ്. | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഈ കഴിഞ്ഞ ജൂൺ മാസം മാത്രം 25000 (ഇരുപത്തയ്യായിരം) പേരെ നായ്ക്കൾ കടിച്ച് മുറിവേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മനുഷ്യജീവന് ഭീഷണിയായ നായ്ക്കളെ അടിയന്തിരമായി കൊല്ലുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; ഇല്ലെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; പഞ്ചായത്തുകളിലെ ഉന്നത ഉദ്യോഗസ്ഥർക്ക് ഇതിനാവശ്യമായ ഉത്തരവു നൽകി അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ജില്ലാ വെറ്റിനറി ആശുപത്രിയിൽ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുക, മരുന്നുകൾ ആവശ്യത്തിന് ലഭ്യമാക്കുക ABC പ്രോഗ്രാം ഫലപ്രദമായി നടത്തുന്നതിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ABC പ്രോഗ്രാം സംസ്ഥാനത്ത് ഒട്ടാകെ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നായ്ക്കളെ വീട്ടിൽ വളർത്തുന്നതിന് ആവശ്യമായ ലൈസൻസുകളും പരിശോധനകളും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ